# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.703**     **11.07.2016 ൽ മറുപടി നൽകേണ്ടിയിരുന്നത്**

## ഹൈവേ റോഡുകൾ വീതികൂട്ടുവാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.പി.സി. ജോർജ് | | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) | കേരളത്തിൽ എത്ര കിലോമീറ്റർ നീളത്തിൽ സംസ്ഥാന ഹൈവേ റോഡുകൾ ഉണ്ട്; ഇതിന്റെ പേരുവിവരം സഹിതം വിശദമാക്കുമോ; അവയുടെ വീതി എത്ര വീതമാണുള്ളത്; | എ) | പൊതുമരാമത്ത് വകുപ്പ് നിരത്തുവിഭാഗത്തിൻ കീഴിൽ 4341.65 കി മീ സംസ്ഥാന ഹൈവേ (എസ് എച്ച്) റോഡുകൾ ഉണ്ട്. ഇതിന്റെ പേരു വിവരം, വീതി എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ബി) | വർദ്ധിച്ചുവരുന്ന വാഹനങ്ങളുടെയും ജനസംഖ്യയുടെയും അടിസ്ഥാനത്തിൽ സംസ്ഥാന ഹൈവേ റോഡുകളുടെ വീതി വർദ്ധിപ്പിയ്ക്കുവാൻ ഉദ്ദേശിയ്ക്കുന്നുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | ബി) | ഉദ്ദേശിക്കുന്നുണ്ട്. പുതുതായി നിർമ്മിക്കുന്ന റോഡുകളിൽ ഹൈവേ റോഡുകൾക്കായി ദേശീയതലത്തിൽ അംഗീകരിച്ച വീതിയിൽ സ്ഥലമെടുത്താണ് നിർമ്മിക്കുന്നത്. ഇതുകൂടാതെ, നിലവിൽ സ്ഥലം ലഭ്യമായ റോഡുകൾക്ക വീതി കൂട്ടി നിർമ്മാണ പ്രവർത്തനം നടത്തി സുഗമമായ ഗതാഗത സൗകര്യം നടപ്പിലാക്കി വരുന്നു. കെ എസ് റ്റി പി സംസ്ഥാന ഹൈവേകളിൽ കേരള സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് അത്യന്താപേക്ഷിതമായ റോഡുകളെ കണ്ടെത്തി അവ ഘട്ടംഘട്ടമായി സാമ്പത്തിക സഹായം ലഭ്യമാകുന്ന മുറയ്ക്ക് വീതി കൂട്ടി പരിപാലിക്കാനുള്ള ഒരു സ്ട്രാറ്റജിക് നെറ്റവർക്ക് പ്രോഗ്രാം ഇപ്പോൾ നടപ്പിലാക്കി വരുന്നു. കെ എസ് ടി പി-രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാനുള്ള ശ്രമങ്ങൾ പുരോഗമിക്കുന്നു. ഇതിനു വേണ്ടിയുള്ള പഠനങ്ങൾ നടത്താൻ നടപടികൾ എടുത്തിട്ടുണ്ട്. |
| സി) | കേരളത്തിൽ എത്ര കിലോമീറ്റർ നീളത്തിൽ നാഷണൽ ഹൈവേ റോഡുകൾ ഉണ്ട്; അവയുടെ പേരു വിവരം സഹിതം വിശദമാക്കുമോ; അവയുടെ വീതി എത്ര വീതമെന്നും വിശദമാക്കാമോ; | സി) | സംസ്ഥാനത്ത് ആകെ 1781.5 കീ മീ ദൈർഘ്യത്തിൽ 11 ദേശീയപാതകളാണുള്ളത്. ഇവയെ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.<br>1. എൻ എച്ച് 17 ( തലപ്പാടി - ഇടപ്പള്ളി) 420.77 കി മീ നീളത്തിൽ രണ്ട് വരിപ്പാത.<br>2. എൻ എച്ച് 47 ( വാളയാർ - ഇടപ്പള്ളി - കേരള തമിഴ് നാട് അതിർത്തി വരെ) ആകെ 416.8 കി മീ നീളത്തിൽ 4 വരി പാതയും 322.59 കി മീ നീളത്തിൽ 2 വരിപ്പാതയുമാണ്.<br>3. എൻ എച്ച് 47 എ (വെല്ലിംഗ്ടൺ - കുണ്ടന്നൂർ) 5.92 കി മീ രണ്ടു വരിപ്പാത. |

4. എൻ എച്ച് 47 സി (വല്ലാർപ്പാടം - കളമശ്ശേരി) 17 കി മീ നാലുവരിപ്പാത.
5. എൻ എച്ച് 49 (ബോഡിമെട്ട് - കുണ്ടന്നൂർ) 67 കി മീ രണ്ടു വരിപ്പാതയും 100.59 കി മീ രണ്ടു വരിയ്ക്കു താഴെ വീതിയുള്ള ഇന്റർമീഡിയറ്റ് പാതയും.
6. എൻ എച്ച് 208 (കൊല്ലം - കഴുത്തുരുത്തി) 69.53 കി മീ രണ്ടു വരിപ്പാതയും 11.75 കി.മീ രണ്ടു വരിപ്പാതയ്ക്കു താഴെയുള്ള ഇന്റർമീഡിയറ്റ് പാതയും.
7. എൻ എച്ച് 212 (കോഴിക്കോട് - മുത്തങ്ങ) 117.6 കി മീ രണ്ടു വരിപ്പാത.
8. എൻ എച്ച് 213 (കോഴിക്കോട് - പാലക്കാട്) 125.30 കി മീ രണ്ടു വരിപ്പാത.
9. എൻ എച്ച് 220 (കൊല്ലം - കുമിളി) 154.30 കി മീ രണ്ടു വരിപ്പാതയും 62 കി.മീ രണ്ടു വരിപ്പാതയ്ക്കു താഴെ വീതിയുള്ള ഇന്റർമീഡിയറ്റ് പാതയും.
10. എൻ എച്ച് 185 (അടിമാലി -പൈനാവ് - കുമിളി) 96 കി മീ നീളത്തിൽ രണ്ടു വരിപ്പാതയ്ക്കു താഴെ വീതിയുള്ള ഇന്റർമീഡിയറ്റ് പാത.
11. എൻ എച്ച് 183 എ (ഭരണിക്കാവ് - പത്തനംതിട്ട - വണ്ടിപ്പെരിയാർ) 118.5 കി മീ രണ്ടു വരിപ്പാതയും 5.3 കി.മീ രണ്ടു വരിപ്പാതയ്ക്കു താഴെ വീതിയുള്ള ഇന്റർമീഡിയറ്റ് പാതയും.

ഡി) വലിയതോതിലുള്ള വാഹനപെരുപ്പവും ജനസംഖ്യാവർദ്ധനവും പരിഗണിച്ച് നിലവിലുള്ള റോഡുകളുടെ വീതികൂട്ടുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിയ്ക്കാൻ ഉദ്ദേശിയ്ക്കുന്നതെന്ന് വിശദമാക്കാമോ?

ഡി) സംസ്ഥാനത്തെ ദേശീയപാതകളായ എൻ എച്ച് 17 ഉം എൻ എച്ച് 47 ഉം സർവ്വീസ് റോഡുകളോടു കൂടിയ 4 വരിപ്പാതയായും മറ്റ് ദേശീയപാതകൾ പേവ്ഡ് ഷോൾഡറോടു കൂടിയ 2 വരിപ്പാതയായുമാണ് വികസിപ്പിക്കാൻ ദേശീയപാതവിഭാഗം ഉദ്ദേശിക്കുന്നത്.
നഗരങ്ങളിലെ വർദ്ധിച്ചു വരുന്ന വാഹനപ്പെരുപ്പവും ജനസംഖ്യാ വർദ്ധനവും പരിഗണിച്ച് പ്രധാന നഗരങ്ങളിലെ റോഡുകൾ വീതി കൂട്ടി വികസിപ്പിക്കുന്നതിനുള്ള നഗര റോഡു വികസന പദ്ധതി കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയിട്ടുണ്ട്.
രണ്ടാം കേരള സംസ്ഥാന ഗതാഗത പദ്ധതിയുടെ ഭാഗമായി 363 കി മീ റോഡുകൾ ലോകബാങ്കിന്റെ സഹായത്താൽ വികസിപ്പിക്കുവാനുള്ള പദ്ധതി കെ എസ് റ്റി പി ഇപ്പോൾ നടപ്പാക്കി വരുന്നു, ഇത് 2018-ാം ആണ്ടോടുകൂടി തീരുമെന്നു കരുതുന്നു. ഇതിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ആന്വറ്റിയിനത്തിൽ വികസിപ്പിക്കുന്ന 82 കി മീ ദൂരത്തിലുള്ള പുനലൂർ - പൊൻകുന്നം റോഡും ഉൾപ്പെടുന്നു. കൂടാതെ ധനലഭ്യതയ്ക്കും, സ്ഥലലഭ്യതയ്ക്കും അനുസൃതമായി കൂടുതൽ റോഡുകൾ വികസിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.